# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 830/11/12/2023/ TVM**

പരാതികക്ഷി : രാഗം റഹിം,ടി.സി.35/968,ബിലാൽ നഗർ
വള്ളക്കടവ്,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 27.05.2024**

തിരുവനന്തപുരം പോത്തൻകോട് പോലീസ് സ്റ്റേഷനിലെ അപര്യാപ്തതകളാണ് പരാതിക്കാസ്പദമായ വിഷയം. പോത്തൻകോട് പോലീസ് സ്റ്റേഷൻ. പരിധിയിൽ ഗുണ്ടാ ആക്രമണങ്ങളും, കൊലപാതകങ്ങളും, ലഹരിവിൽപ്പന സംഘങ്ങളുടെ പ്രവർത്തനങ്ങളും പത്രവാർത്തകളിൽ നിറഞ്ഞു നിൽക്കുന്നതായും, എന്നാൽ ഈ വക നിയമവിരുദ്ധ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങൾ ഈ പോലീസ് സ്റ്റേഷനിൽ ഇല്ലായെന്നും, നിലവിൽ ഈ സ്റ്റേഷനിൽ വാഹനം ഇല്ലായെന്നും, അടിയന്തിരഘട്ടങ്ങളിൽ സ്വകാര്യ വാഹനങ്ങൾ വാടകക്കെടുത്താണ് പോലീസുകാരുടെ സഞ്ചാരമെന്നും, വാഹനമില്ലാത്തതുകൊണ്ട് കേസന്വേഷണത്തിനായി പലപ്പോഴും യഥാസമയം പോലീസ് ഉദ്യോഗസ്ഥർക്ക് പോകാൻ കഴിയുന്നില്ലായെന്നും, അല്ലാത്തപ്പോൾ സ്റ്റേഷനിലേയ്ക്ക് വിളിക്കുന്നവർക്ക് വാഹനമില്ലാത്തതിനാൽ എത്താനാവില്ലെന്ന മറുപടിയാണ് ലഭിക്കുന്നതെന്നും മറ്റും കാണിച്ചാണ് ഈ പരാതി. ഇതു സംബന്ധിച്ച് മാധ്യമം ദിനപത്രത്തിൽ വന്ന വാർത്തയുടെ പകർപ്പും പരാതിക്കൊപ്പം ഹാജരാക്കിയിട്ടുണ്ട്.

പരാതി വിഷയത്തിൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പോത്തൻകോട് പോലീസ് സ്റ്റേഷനിലെ പോലീസ് ജീപ്പ് അന്വേഷണത്തിൻെറ ഭാഗമായി പോകവെ ബാലരാമപുരത്ത് വച്ച് അപകടത്തിൽപ്പെടുകയും തുടർന്ന് ടി ജീപ്പ് തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുള്ളതാണെന്നും, അതിനു പകരമായി പോത്തൻകോട് പോലീസ് സ്റ്റേഷനിലേയ്ക്ക് KL 01 BW 5621എന്ന പുതിയ ജീപ്പ് അനുവദിച്ചു നൽകിയിട്ടുള്ളതാണെന്നും, കൂടാതെ അപകടത്തിൽപ്പെട്ട ജീപ്പ് അറ്റകുറ്റപ്പണികൾ നടത്തി തിരികെ സ്റ്റേഷനിൽ എത്തിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

നിലവിലെ പോത്തൻകോട് പോലീസ് സ്റ്റേഷനിലെ അംഗബലം 33 ആണെന്നും, എം.സി റോഡിലേയ്ക്കും എൻ.എച്ചിലേയ്ക്കും അക്സസ് ഉള്ളതുകൊണ്ടും തിരുവനന്തപുരം സിറ്റിയിലേയ്ക്ക് പ്രവേശിക്കുവാൻ എളുപ്പമായതുകൊണ്ടും നിരവധി പേരാണ് പുതുതായി ജോലി സംബന്ധമായും മറ്റും പോത്തൻകോട് സ്റ്റേഷൻ പരിധിയിൽ വന്നു താമസിക്കുന്നതെന്നും, മാത്രവുമല്ല ടെക്നോപാർക്കിലെ

വിവിധ ഐ.ടി കമ്പനികളിലെ നിരവധി ജീവനക്കാരാണ് പോത്തൻകോട് സ്റ്റേഷൻ പരിധിയിൽ പുതുതായി താമസിച്ചുവരുന്നതെന്നും, ഇതിനു പുറമെ ഇതര സംസ്ഥാന തൊളിലാളികളായി അനവധി പേരും പോത്തൻകോട് പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിച്ചുവരുന്നതായും, ജനസാന്ദ്രത ക്രമാതീതമായി വർദ്ധിക്കുന്നതുകൊണ്ടുള്ള ക്രമസമാധാന പ്രശ്നങ്ങളും ലാൻറ് ബ്രോക്കേഴ്സ് തമ്മിലുള്ള കിടമത്സരങ്ങളും വർദ്ധിച്ചുവരുന്നതിനാൽ നിലവിലുള്ള അംഗബലം ഉപയോഗിച്ച് ടി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ബുദ്ധിമുട്ട് ആയതിനാൽ ജനസംഖ്യാ ആനുപാതികമായി പോത്തൻകോട് പോലീസ് സ്റ്റേഷനിലെ അംഗബലം വർദ്ധിപ്പിച്ചു നൽകിയാൽ ക്രമസമാധാന പരിപാലനത്തിന് അഭികാമ്യം ആയിരിക്കുമെന്നും റിപ്പോർട്ടിൽ കാണുന്നു.

കേരളത്തിലെ പല പോലീസ് സ്റ്റേഷനുകളിലും മതിയായ അംഗബലം ഇല്ലാത്തതിനാൽ ക്രമസമാധാന പരിപാലനം യഥാവിധി നടക്കുന്നില്ലായെന്ന പരാതി വ്യാപകമായി ഉണ്ട്. പോലീസ് സ്റ്റേഷൻ പരിധിയിലെ ജനസാന്ദ്രതക്കനുസരിച്ചുള്ള അംഗബലം പരിഷ്കരിച്ചാൽ മാത്രമെ ക്രമസമാധാന ചുമതലകൾ പോലീസ് ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. വി.ഐ.പി ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർ കൂടുതൽ നിയോഗിക്കപ്പെടുമ്പോൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ ക്രമസമാധാന കാര്യങ്ങൾ അവതാളത്തിലാകുന്നതായി പരാതിയുണ്ട്. സാധാരണജനങ്ങൾ കൂടുതലും ആശ്രയിക്കുന്നത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളെയാണ്. അവർക്ക് യഥാസമയം പോലീസിൻെറ സേവനം ലഭ്യമാകുന്നതിനായി മതിയായ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തിക അത്യന്താപേക്ഷിതമാണെന്ന് കമ്മീഷൻ കാണുന്നു. കൂടാതെ അംഗബലം കുറവായതിനാൽ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യം വേണ്ടുന്ന വിശ്രമവും പ്രതിവാര അവധിയും പലപ്പോഴും ലഭിക്കാറില്ലാത്തതുകാരണം അവരിൽ മാനസിക സമ്മർദ്ദം കൂടിവരുന്നതായുള്ള റിപ്പോർട്ടുകളും കമ്മീഷൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇത് പോലീസിൻെറ കാര്യക്ഷമതയെ ബാധിക്കുകയും ചെയ്യും. കൂടാതെ പോലീസിൽ നിന്നും സ്വയം വിരമിക്കാൻ അപേക്ഷ നൽകുന്നവരുടെ എണ്ണവും വർദ്ധിച്ചുവരുന്നതായും, ജോലി ഭാരവും സമ്മർദ്ദവും കാരണം പോലീസ് ഉദ്യോഗസ്ഥർക്കിടയിൽ ആത്മഹത്യ കൂടിവരുന്നുണ്ടെന്നുള്ള റിപ്പോർട്ടുകളും കമ്മീഷൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ അംഗബലം പുതിയ സാഹചര്യങ്ങൾക്ക് അനുസരിച്ച് പരിഷ്കരിച്ച് പോലീസ് സേനയെ നവീകരിക്കേണ്ടതാണെന്ന് സംസ്ഥാന പോലീസ് മേധാവിയോട് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

ഉത്തരവിൻെറ പകർപ്പ് സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്

**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ